മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ബിൽ 3-8-2005-ന് അവതരിപ്പിക്കപ്പെട്ടിരുന്നു)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു..

ശ്രീ. എം. എ. വാഹീദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ശ്രീ. ടി. എൻ. പ്രതാപൻ സംസാരിച്ചതിൽനിന്ന് ഈ ഗവണ്മെന്റ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ പോകുന്നില്ല എന്നുള്ള കാര്യം വളരെ വ്യക്തമായി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* അസന്ദിഗ്ദ്ധമായ വിധത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നിട്ടും പഞ്ചായത്ത് ഇലക്ഷൻ നടക്കില്ല എന്ന് പറഞ്ഞ് നിങ്ങൾ ആഘോഷിക്കുന്നത് ഇലക്ഷനെ ഭയപ്പെടുന്നതുകൊണ്ടല്ലേ?

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: എന്റെ ജില്ലയിൽ മഞ്ചേശ്വരം, കാസർഗോഡ് ഭാഗങ്ങളിൽ വോട്ടർ പട്ടിക മലയാളത്തിലും കന്നടയിലും ഉണ്ട്. മലയാളത്തിലെ വോട്ടർ പട്ടികയിലും കന്നടയിലെ വോട്ടർ പട്ടികയിലും വേറെവേറെ പേരുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത് രണ്ടും വ്യത്യസ്ഥമായ വോട്ടർ പട്ടികയാണ്. ആ വോട്ടർ പട്ടിക വച്ചിട്ട് എങ്ങനെയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്? അപ്പോൾ ഒരു കാര്യം വ്യക്തമായി. ഈ സർക്കാർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യസമയത്ത് നടത്താൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോഴുള്ള സ്ഥിതി അനുസരിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റിലേക്കുള്ള തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പിലും പരാജയപ്പെട്ടാൽ അടുത്ത തെരഞ്ഞെടുപ്പിൽ യു. ഡി. എഫിന് ഏറ്റവും ദയനീയമായ പരാജയം ഉണ്ടാകുമെന്ന് കരുതി ഈ രണ്ടു തെരഞ്ഞെടുപ്പുകളും മാറ്റിവയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. അതുമാത്രമല്ല കോൺഗ്രസിന്റെ ഉള്ളുറയിലെ ചർച്ചയിൽ ഈ ഡിസംബർ മാസത്തിൽത്തന്നെ നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്താൻ ഈ സർക്കാർ ആലോചിക്കുകയാണ് എന്ന പ്രചരണത്തെ ന്യായീകരിക്കുന്ന വിധത്തിലുള്ള പ്രസംഗമാണ് ബഹുമാനപ്പെട്ട പ്രതാപൻ നടത്തിയത്.

ശ്രീ. പി. ജയരാജൻ: ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ പ്രസംഗിക്കുമ്പോൾ നടത്തിയ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് എതിരായിട്ടുള്ള രോഷ പ്രകടനത്തിന്റെ ഉദ്ദേശം അങ്ങ് ശരിയായിട്ട് തന്നെ മനസ്സിലാക്കിയിട്ടുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ രാഷ്ട്രീയം കളിക്കുകയാണ് എന്നുള്ള ആക്ഷേപം ഉന്നയിച്ചു. യഥാർത്ഥത്തിൽ ഈ സംസ്ഥാനത്ത് ഐ. എ. എസ്. കാരൻ ആയിരിക്കേ ശ്രീ. കൃഷ്ണകുമാറിനെക്കൊണ്ട് രാഷ്ട്രീയം കളിപ്പിച്ച് അവസാനം കോൺഗ്രസിന്റെ സ്ഥാനാർത്ഥി ആക്കിയത് ബഹുമാനപ്പെട്ട സതീശ്ചന്ദ്രൻ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: തെരഞ്ഞെടുപ്പ് കമ്മീഷണറെപ്പോലെതന്നെ ഭരണഘടനാപരമായ ഒരു പോസ്റ്റിൽ ഇരിക്കുന്ന ഒരാൾ അതിനുശേഷം സ്ഥാനാർത്ഥിയാകുന്നത് ഒരു മഹാ കാര്യമല്ല. തെരഞ്ഞെടുപ്പ് കമ്മീഷൻ എന്താണെന്ന് ഇൻഡ്യയിലെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്ത അതിശക്തനായ ഒരു തെരഞ്ഞെടുപ്പ് കമ്മീഷണറാണ് അദ്ദേഹം എന്ന കാര്യം ബഹുമാനപ്പെട്ട പ്രതാപൻ ആലോചിക്കണം.

ശ്രീ. കെ. ബാബു: ശ്രീ. എസ്. കൃഷ്ണകുമാറിനെ ഉദ്യോഗസ്ഥനായിരിക്കുമ്പോൾ രാജിവയ്പിച്ച് കോൺഗ്രസ് സ്ഥാനാർത്ഥിയാക്കി എന്ന് ശ്രീ. ജയരാജൻ പറഞ്ഞത് തെറ്റാണ്. കാരണം ശ്രീ. കൃഷ്ണകുമാർ രാജിവച്ച് നാലു വർഷത്തിനുശേഷമാണ് കോൺഗ്രസ് സ്ഥാനാർത്ഥിയായത്. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: തെരഞ്ഞെടുപ്പ് കമ്മീഷണറുടെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് കേരളം ഉൾപ്പെടെയുള്ള ഇൻഡ്യയിലെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്ത കരുത്തനായ ഒരു തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്നു ശ്രീ. ടി. എൻ. ശേഷൻ. തെരഞ്ഞടുപ്പ് കമ്മീഷണറുടെ പദവി ഒഴിഞ്ഞയുടനെ അദ്ദേഹം കോൺഗ്രസ് സ്ഥാനാർത്ഥിയായി. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ അത് പ്രശ്നമല്ല. ഏതൊരു ഉന്നതമായ സ്ഥാനത്ത് ഇരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും രാഷ്ട്രീയത്തിലേക്ക് വരാം. ഞാൻ ഇത് ഇവിടെ പറയാൻ കാരണം, നിശ്ചയമായിട്ടും ഈ തെരഞ്ഞെടുപ്പിനെ നേരിടാൻ യു.ഡി.എഫ്. ഭയപ്പെടുകയാണ്. അവസാനമായിട്ട് ഒരു കാര്യമുണ്ട്. ചൈതന്യയാത്ര. ചൈതന്യയാത്ര തുടങ്ങിയപ്പോൾ ഒരു വലിയ ചൈതന്യം വന്നു എന്നൊക്കെ പത്രങ്ങളിലൂടെ പ്രചരിപ്പിച്ചു. രണ്ടു ദിവസം മുൻപ് ഹിമാലയയുമായി ബന്ധപ്പെട്ട വാർത്ത വന്നതോടുകൂടി അത് തകർന്നിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ട് തെരഞ്ഞെടുപ്പിനേയും നേരിട്ട് ഏറ്റവും ചുരുങ്ങിയ എം.എൽ.എ.മാരോടുകൂടി അടുത്ത നിയമസഭയിലേക്ക് വരാൻ യു.ഡി.എഫ്. ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പ് നടത്താൻ വിയോജിപ്പ് കാണിക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ: ഇന്ന് രാവിലെ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിയന്തിര പ്രമേയത്തിന്റെ ചർച്ചയിൽ പ്രസക്തമായ രണ്ട് വിഷയങ്ങൾക്ക് മറുപടി പറയാതെ മുഖ്യമന്ത്രി ഒഴിഞ്ഞുമാറിയതിന്റെ ഉദ്ദേശം ഇപ്പോൾ പ്രതാപനെക്കൊണ്ട് പറയിപ്പിച്ചത് മനസ്സിലായില്ലേ? ഒക്ടോബർ മാസം രണ്ടാം തീയതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതികൾ അധികാരത്തിൽ വരുന്നില്ലെങ്കിൽ മുഖ്യമന്ത്രിസ്ഥാനം ഒഴിയുമോ എന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞില്ല. മറ്റൊന്ന്, പഞ്ചായത്ത് ഭരണസമിതികളുടെ സ്ഥാനത്ത് ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഭരണം ഏൽപ്പിക്കില്ല എന്ന് സഭയ്ക്ക് ഉറപ്പു നൽകാമോ എന്ന ചോദ്യത്തിനും മറുപടി പറഞ്ഞില്ല.

മി. ഡെ. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: ഈ ഭേദഗതി പ്രകാരം ലൈസൻസ് പുതുക്കാനുള്ള കാലാവധി മൂന്നു കൊല്ലമാവുകയാണ്. അങ്ങനെ മൂന്നു കൊല്ലമാക്കിയാൽ പരിസരമലിനീകരണമുണ്ടാക്കുന്ന ചില കമ്പനികൾക്ക് ഈ ഭേദഗതി വളരെ സഹായകമാകും. അതുകൊണ്ട് ആ കാര്യം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി):* സർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് കൃത്യസമയത്തുതന്നെ നടക്കും. ഒക്ടോബർ മാസം രണ്ടാം തീയതി പുതിയ പഞ്ചായത്ത് ഭരണസമിതി ചാർജ്ജെടുക്കും. അതിൽ ആർക്കും ഒരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ സഭയിൽ വ്യക്തമാക്കിയതാണ്. നെഞ്ചുകീറി നേരുകാട്ടിയാലും വിശ്വസിക്കില്ല എന്നു പറഞ്ഞാൽ എന്തു ചെയ്യാനാണ്? പിന്നെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഒരു അധികാരവുമില്ല. അതിൽ ഗവൺമെന്റ് ഇടപെട്ടിട്ടില്ല. അങ്ങനെ യാതൊരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും ഇലക്ഷൻ കമ്മീഷനാണുള്ളത്. പിന്നെ ലൈസൻസിന്റെ കാര്യം പറഞ്ഞു. ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതിക്ക് കോട്ടം വരുത്തുകയോ ചെയ്യുന്നെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് ക്യാൻസൽ ചെയ്യാനുള്ള അധികാരം പഞ്ചായത്തിനുണ്ട്, അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ 97-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(97) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 236 (1) ൽ "അപേക്ഷയിൽ പറഞ്ഞിട്ടുള്ള മൂന്ന് വർഷമോ അതിൽ കുറഞ്ഞ കാലമോ" എന്നതിനു പകരം "അനുവാദ തീയതി മുതൽ ആ സാമ്പത്തികവർഷം അവസാനിക്കുന്ന തീയതി വരെ" എന്ന് ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ 98-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(98) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 236 (1)-ൽ "മൂന്ന് വർഷമോ" എന്ന വാക്കുകൾക്ക് പകരം "അഞ്ച് വർഷമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ 100-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(100) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 236 (1)-ൽ "അപേക്ഷയിൽ പറഞ്ഞിട്ടുള്ള മൂന്ന് വർഷമോ അതിൽ കുറഞ്ഞ കാലമോ" എന്നതിനു പകരം "അപേക്ഷയിൽ പറഞ്ഞിട്ടുള്ള അഞ്ചു വർഷമോ അതിൽ കുറവോ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെയുള്ള വ്യവസായങ്ങളും ഫാക്ടറികളും മറ്റു വ്യാപാര സ്ഥാപനങ്ങളും" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, ഞാൻ 102-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(102) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 236 (1)-ൽ തൊണ്ണൂറു ദിവസത്തിൽ കവിയാതെയും ഉള്ള എന്ന ഭാഗം നീക്കം ചെയ്യുക.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ 74-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(74) ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക: " (2) ഇത് 2005 ഏപ്രിൽ മാസം 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ 75-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു:

(75) ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റിയെഴുതുക:

"(2) ഇത് 2005 ആഗസ്റ്റ് ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്" എന്ന് മാറ്റേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 74-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 75-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly